# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3792** **23.08.2017-ൽ മറുപടിക്ക്**

## വൈദ്യുതി ലഭ്യമാകാത്ത വീടുകൾ

| | ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി.: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ലഭ്യമാകാത്ത എത്ര വീടുകൾ ഇനിയും സംസ്ഥാനത്ത് ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | 16.08.2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 31.03.2017 വരെ 1,50,427 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ അപേക്ഷിച്ചവരിൽ കോടതി, വനം/റവന്യൂ വകുപ്പുകളുടെ അനുമതി ലഭിക്കാനുള്ള ഏതാനും ഉപഭോക്താക്കളും മറ്റ് നിയമ തടസ്സമുള്ളവരും ഒഴിച്ച് കേരള സംസ്ഥാനത്തെ വീടുകൾ 100 ശതമാനവും വൈദ്യുതീകൃതമായെന്നാണ് കണക്കാക്കുന്നത്. ഇപ്രകാരം എല്ലാവർക്കും വൈദ്യുതി എത്തിച്ച് പദ്ധതി പൂർത്തീകരിച്ച് 2017 മേയ് 29ന് കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 31.03.2017ന് ശേഷം പൂർത്തിയാക്കിയ വീടുകളിലേക്ക് വൈദ്യുത കണക്ഷന് അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമേ ഇത് സംബന്ധിച്ച വിവരം കെ. എസ്. ഇ. ബി- യ്ക്ക് ലഭിക്കുകയുള്ളൂ എന്നതിനാൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ സ്ഥിതി വിവരക്കണക്ക് ലഭ്യമല്ല; എന്നിരുന്നാലും അവർക്കും KSERC അനുശാസിക്കുന്ന സമയ ക്രമത്തിനുള്ളിൽ വൈദ്യുത കണക്ഷൻ നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ കെ. എസ്.ഇ.ബി. ലിമിറ്റഡ് നടപടികളെടുത്തിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര |
| (ബി) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യ പ്രാപ്തിയിൽ എത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | മേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക ഉപഭോഗം നിജപ്പെടുത്തിയതിൽ ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തിയതിനാൽ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നൂതന ഗാർഹിക ഉപകരണങ്ങൾ പ്രവർത്തി ക്കാൻ കഴിയുന്ന വൈദ്യുതി ശൃംഖലയാണ് ഇവർ പ്രതീക്ഷിക്കുന്നത്. ആയതിനാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇനിയും വൈദ്യുതി ലഭ്യമാകാത്ത വീടുകളിലേക്ക് ചട്ടങ്ങളിൽ ഇളവുനൽകി വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവ് ആയിട്ടുണ്ട്<br>പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കാൻ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. |

Kemalella

**സെക്ഷൻ ഓഫീസർ**